# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5895** **04.11.2016 ൽ മറുപടിക്ക്**

**സർക്കാർ ജീവനക്കാരുടെ ക്വാർട്ടേഴ്സുകൾ**

| ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | ഉത്തരം<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) മന്ത്രിമാരുടെ സ്റ്റാഫായി ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിതരാകുന്ന സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സുകൾ അനുവദിക്കുമ്പോൾ പൊതുമരാമത്ത് സെക്രട്ടറിയുടെ ഉത്തരവിനും ജില്ലാ കളക്ടറുടെ നടപടിക്രമത്തിനും പുറമേ പ്രസ്തുത ജീവനക്കാർ പൊതുമരാമത്ത് വകുപ്പുമായി ഏതെങ്കിലും തരത്തിലുള്ള എഗ്രിമെന്റിൽ ഏർപ്പെടാറുണ്ടോ; വ്യക്തമാക്കുമോ; | (എ) Rules for Allotment and Occupation of Government Servant's Quarters in Kerala, 2006 ലെ റൂൾ 11(1), 11(2) പ്രകാരം കരാറിലേർപ്പെടാറുണ്ട്. |
| (ബി) പ്രസ്തുത സർക്കാർ ഉത്തരവിലും കലക്ടർ പുറപ്പെടുവിക്കുന്ന നടപടിക്രമത്തിനും പൊതുമരാമത്തുവകുപ്പുമായി ജീവനക്കാർ ഏർപ്പെടുന്ന എഗ്രിമെന്റിലും മന്ത്രിസഭയുടെ കാലാവധി കഴിയുന്ന മുറയ്ക്ക് സർക്കാർ സർവ്വീസിൽ നിന്നും വിരമിക്കുന്നതിന് മുമ്പ് ക്വാർട്ടേഴ്സ് ഒഴിഞ്ഞു നൽകണമെന്ന് വ്യവസ്ഥ വെച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ; | (ബി) & |
| (സി) മുൻ സർക്കാരിന്റെ കാലാവധി കഴിഞ്ഞതിനാൽ മന്ത്രിമാരുടെ സ്റ്റാഫംഗങ്ങളായിരിക്കെ ക്വാർട്ടേഴ്സുകൾ ലഭിച്ചവർ ഒഴിഞ്ഞു നൽകണമെന്ന് കാണിച്ച് പൊതുമരാമത്തുവകുപ്പ് നോട്ടീസ് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) 07.09.2016 ന് മുൻപ് ക്വാർട്ടേഴ്സ് അനുവദിക്കുമ്പോൾ ഏർപ്പെടുന്ന കരാറിൽ പേഴ്സണൽ സ്റ്റാഫുകൾ അവർ സർക്കാർ സർവ്വീസിൽ തുടരുന്നവരായാലും, മന്ത്രിസഭയുടെ കാലാവധി കഴിയുന്ന മുറയ്ക്ക് ക്വാർട്ടേഴ്സുകൾ ഒഴിഞ്ഞു നൽകണമെന്ന വ്യവസ്ഥയില്ലായിരുന്നു. എന്നാൽ 07.09.2016 ലെ സ.ഉ.(കൈ)നം.65/2016/പൊ.മ.വ. ലെ ചട്ടം 3(2)ii, 3(2)iia പ്രകാരം മന്ത്രിമാരുടെ പേഴ്സണൽ സ്ററാഫുകൾ മന്ത്രി സഭയുടെ കാലാവധി അവസാനിക്കുമ്പോൾ അനുവദിച്ച കിട്ടിയ ക്വാർട്ടേഴ്സ് ഒഴിയണമെന്ന് വ്യവസ്ഥ ചെയ്യുന്നു. പ്രസ്തുത ചട്ടത്തിന്റെ അടിസ്ഥാനത്തിൽ പേഴ്സണൽ |

സ്റ്റാഫിൽ നിന്നും സ്ഥാനമൊഴിഞ്ഞതും എന്നാൽ ക്വാർട്ടേഴ്സിൽ താമസം തുടരുന്നതുമായ ഉദ്യോഗസ്ഥർക്ക് ക്വാർട്ടേഴ്സ് ഒഴിയാനായി നോട്ടീസ് നൽകിയിട്ടുണ്ട്.

(ഡി) പൊതുമരാമത്ത് സെക്രട്ടറിയുടെ ഉത്തരവിലും ജില്ലാകളക്ടർ പുറപ്പെടുവിച്ച നടപടി ക്രമത്തിലും ജീവനക്കാരുമായി പൊതുമരാമത്തുവകുപ്പ് ഏർപ്പെട്ട എഗ്രിമെന്റിലും വ്യവസ്ഥ ചെയ്യാത്ത സാഹചര്യത്തിൽ മേൽപ്പറഞ്ഞ രീതിയാൽ ക്വാർട്ടേഴ്സ് ഒഴിയാൻ നോട്ടീസ് നൽകിയത് ഇന്ത്യൻ കോൺട്രാക്ട് ആക്ടിന്റെയും ആക്ടിലെ ഇംപ്ലൈഡ് കണ്ടീഷന്റേയും ലംഘനമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ലംഘനമല്ലെന്ന് കരുതുന്നുവെങ്കിൽ അതിന്റെ കാരണമെന്തെന്ന് വിശദമാക്കുമോ?

(ഡി) & (ഇ) Rules for Allotment and Occupation of Government Servant's Quarters in Kerala, 2006 ലെ റൂൾ 11(1), 11(2) പ്രകാരം അപ്പൻഡിക്സ് V ൽ നിഷ്കർഷിക്കുന്ന മാതൃകയിലാണ് കരാറിലേർപ്പെടുന്നത്. ടി കരാറിലെ clause I (viii) പ്രകാരം നിലവിലുള്ളതും കാലാകാലങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് സർക്കാർ നിർദ്ദേശിക്കുന്ന വ്യവസ്ഥകളും നിബന്ധനകളും പാട്ടക്കരാറുകാരൻ (Lessee) പാലിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു. പ്രസക്ത ഭാഗം അനുബന്ധം ആയി ചേർത്തിരിക്കുന്നു. ഇപ്രകാരം കാലാകാലങ്ങളിൽ സർക്കാർ നിർദ്ദേശിക്കുന്ന വ്യവസ്ഥകളും നിബന്ധനകളും കരാറിന്റെ ഭാഗമാകുന്നതിനാൽ 07.09.2016 ലെ സ.ഉ.(കൈ)നം.65/2016/പൊ.മ.വ.പ്രകാരം പുറപ്പെടുവിച്ച ഭേദഗതികൾ ടി പ്രകാരമുള്ളതും നീതിയുക്തവും ആകുന്നു. ആയതിനാൽ ക്വാർട്ടേഴ്സ് ഒഴിയാൻ നോട്ടീസ് നൽകിയത് ഇന്ത്യൻ കോൺട്രാക്ട് ആക്ടിന്റെ ലംഘനമാകുന്നില്ല.

Anadan

**സെക്ഷൻ ഓഫീസർ**

(vi) The Lessee shall pay all dues by way of water charges, current charges and cleaning charges, etc. except property tax due tot he local authority concerned.

(vii) The Lessee shall keep the building in neat condition and shall be liable for any damage caused to the building and the installations therein and shall not make any addition or structure alteration to the building or the installations therein.

(viii) The Lessee shall abide by the Rules for the Allotment and Occupation of Government Servants quarters in Kerala now in force and also such terms and conditions contained in the rules which Government may prescribe from time to time in that regard, which shall form part of this deed as if incorporated herein.

(ix) In case of Lessee commits breach of all or any of the terms and conditions and rules herein mentioned, the Lessee shall cease to have any right of occupation of the quarters and the Lessee shall thereupon take possession of the quarters and the lessee shall not on any account object to such taking over of the quarters by the Lesser and shall vacate the quarters forthwith.

(x) Notwithstanding anything herein contained, the Lessor shall be competent to terminate the lease without assigning any reason whatsoever and the Lessee shall, thereupon vacate the building within one month of the receipt of the notice of such termination.

II. The Lessor hereby covenants with the Lessee as follows:-

The Lessee regularly paying the rent hereby reserved and agreed to be paid and on performing and observing all the covenants and stipulations herein contained to be observed on the Lessee's part shall peacefully and quietly hold and enjoy the leasehold quarters and premises attached thereto during the currency of the lease without any interruption by the lessor except as otherwise provided for herein. The lessor shall carry out the annual maintenance such a white washing, minor repairs etc. of the lease hold at Lessor's cost.

III. The Lessee further agrees that all amounts found due from him on account of damages caused to the building and installations during his stay or by way of arrears of rent or any other dues for which he becomes liable to the Lessor under this deed shall be recovered by the Lessor by deduction from the Lessee's Salary Bills.

IV. Without prejudice to the rights of the Lessor under the proceeding clauses all sums found due to Lessor (Government) under or by virtue of this deed shall be recovered from the Lessee and his properties movable and immovable under the provisions of the Revenue Recovery Act for the time being in force as though they are arrears of land revenue and in such other manner as the Lessor may deed fit.

V. The stamp duty for this deed shall be borne by the lessor.

SCHEDULE

സെക്ഷൻ ഓഫീസർ